(ബി) ഇവയുടെ നിയോജകമണ്ഡലം തിരിച്ച പേരുകൾ ലഭ്യമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സാമൂഹ്യ ആരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഡി)ജില്ലയിലെ ഏതെങ്കിലും സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ താലൂക്ക് ആശുപത്രികളാക്കി ഉയർത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഏഴ് (7)

(ബി) 1. സി.എച്ച്.സി. പള്ളിക്കൽ, വർക്കല, തിരുവനന്തപുരം

2. സി.എച്ച്.സി. ഊർങ്ങാട്ടിരി, ഏറനാട്, മലപ്പുറം

3. സി.എച്ച്.സി. കൂട്ടുമുഖം, ഇരിക്കൂർ, കണ്ണൂർ

4. സി.എച്ച്.സി. കോടഞ്ചേരി, തിരുവമ്പാടി, കോഴിക്കോട്

5. സി.എച്ച്.സി. അയർക്കുന്നം, പുതുപ്പള്ളി, കോട്ടയം

6. സി.എച്ച്.സി. വാകത്താനം, പുതുപ്പള്ളി, കോട്ടയം

7. സി.എച്ച്.സി. ചിറ്റാർ, കോന്നി, പത്തനംതിട്ട

(സി) ഉണ്ട്. 24x7 പി.എച്ച്.സി.കളായ പാണത്തൂർ, വെള്ളരിക്കുണ്ട് എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഇല്ല.

സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണം

55 (747) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനുവേണ്ടി ഭക്ഷ്യസുരക്ഷാവകുപ്പ് എത്ര സ്കൂളുകളിലാണ് പരിശീലനം നല്കിയത് ; ജില്ലതിരിച്ച് വ്യക്തമാക്കാമോ ; ഇതിലൂടെ എത്ര കുട്ടികൾക്കാണ് പരിശീലനം നല്കിയത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഓരോ ജില്ലയിൽനിന്നും 10 സർക്കാർ സ്കൂളുകൾ വീതം തിരഞ്ഞെടുത്ത് ഇതിനകം 140 സ്കൂളുകളിൽ പരിശീലന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലൂടെ 1400 കുട്ടികൾക്ക് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനായി TOT (Trainers of Trainees) പരിശീലനമാണ് നൽകിയിട്ടുള്ളത്.

ജന്തുജന്യരോഗ പ്രതിരോധ നടപടികൾ

56 (748) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പന്നിപ്പനി, കുരങ്ങുപനി എന്നിവ എവിടെയെല്ലാം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ടി രോഗങ്ങൾമൂലം സംസ്ഥാനത്ത് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത രോഗങ്ങളുടെ പ്രതിരോധത്തിന് എന്തെല്ലാം മുൻകരുതൽ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് പക്ഷി, ജന്തുജന്യരോഗങ്ങൾ കണ്ടെത്തുന്നതിനും യഥാസമയം പ്രതിരോധിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ലഭ്യമാണോ ;

(ഇ) ഇല്ലായെങ്കിൽ ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നവിധത്തിൽ ആരോഗ്യ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരുന്നകാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) കുരങ്ങുപനി മലപ്പുറം, വയനാട് എന്നീ ജില്ലകളിൽനിന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വയനാട് ജില്ലയിലെ പൂതാടി, മുള്ളൻകൊല്ലി, ചെതലയം, പുൽപ്പള്ളി, നൂൽപ്പുഴ എന്നീ സ്ഥലങ്ങളിൽനിന്നും മലപ്പുറത്തെ കരുളായിയിൽനിന്നുമാണ് കുരങ്ങുപനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് എല്ലാ ജില്ലകളിൽനിന്നും പന്നിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly